**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ വലിയകുന്ന് സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയത് എന്നാണെന്ന് അറിയിക്കുമോ; | (എ) | 2011 ലാണ് ആറ്റിങ്ങൽ വലിയകുന്ന് സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രി പദവിയിലേയ്ക്ക് ഉയർത്തിയത്. |
| (ബി) | താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയ ഉത്തരവിൽ എത്ര തസ്തികകളാണ് ഓരോ താലൂക്ക് ആശുപത്രികളിലും അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയ ഉത്തരവിൽ അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. |
| (സി) | ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രി ആയതിനാലും അപകടങ്ങൾ നേരിടുന്നവർ ചികിത്സ തേടുന്ന ആശുപത്രി ആയതിനാലും നിലവിലെ ഡോക്ടർമാർക്ക് ജോലി ഭാരം കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി ഉൾപ്പെടെ 17 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം/എൽ.എസ്.ജി.ഡി മുഖേനയും ഡോക്ടർമാരെ നിയമിച്ച് ഫലപ്രദമായ രീതിയിൽ പൊതുജനങ്ങൾക്ക് സേവനം നൽകി വരുന്നു. LSGD മുഖേന ഒരു ഡോക്ടറെയും NHM മുഖേന 2 ഡോക്ടർമാരെയും താൽക്കാലികമായി നിയമിച്ച് സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ